


# കുട്ടി.കോം





സൂസമ്മ കെ ഐ(H M)
ചീഫ് എഡിറ്റർ

**എഡിറ്റോറിയൽ ബോർഡ്**





ദ







# ആമുഖം

മാനവരാശിയുടെ പുരോഗതിയുടെ നാഴികക്കല്ലാണ് സാങ്കേതിക വിദ്യ. മനുഷ്യനെ ഇന്ന് കാണുന്ന ജീവിത രീതിയിൽ എത്തിച്ചതിന് പ്രധാന പങ്ക് വഹിക്കുന്നത് സാങ്കേതിക വിദ്യയുടെ വളർച്ചയാണ്. കുട്ടികളിൽ സാങ്കേതിക വിദ്യയുടെ ലോകം തുറന്നുകൊടുക്കാൻ വേണ്ടിയുള്ള സംരംഭമാണ് ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി കുട്ടികളുടെ കൂട്ടായ്മ ഉണ്ടാവുകയും, പലതരം പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ മനസ്സിൽ ആഴ്ന്നിറങ്ങി ഒരു പുതുലോകം സൃഷ്ടിക്കപ്പെട്ട ഈ മാഗസിൻ നിങ്ങൾക്കായി ഞങ്ങൾ സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ

മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ ഐടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഇന്ത്യയ്ക്ക മാതൃകയായിത്തന്നെ ഈ ഐടി കൂട്ടായ്മ വികസിക്കുകയാണ്. കുട്ടികളുടെ നാനാതരം കഴിവുകളെ വികസിപ്പിക്കുവാൻ ഇത് സഹായിക്കുന്നു. കുട്ടികളുടെ കമ്പ്യൂട്ടർ പരിജ്ഞാനം, ടൈപ്പിങ്ങ് ( മലയാളം, ഇംഗ്ലീഷ് ) പേജ് ഡിസൈനിങ്ങ്,ലെ ഔട്ട് സെറ്റിംഗ്സ്, രചനാപരമായ കഴിവുകൾ, ഫോട്ടോഗ്രാഫിങ്ങ്, ഐടി സംബന്ധമായ കഴിവുകൾ എല്ലാം പ്രകടിപ്പിക്കാൻ കഴിയുന്ന മേഖലയാണ് മാഗസിൻ.

കുട്ടികളുടെ സാങ്കേതിക പരിജ്ഞാനത്തോടൊപ്പം അവരുടെ സർഗാത്മ കഴിവുകൾ കൂടി വികസിപ്പിക്കുവാൻ കഴിയുന്നതാകണം ഐടി പഠനം. ഒരു ലക്ഷ്യം സായാത്കരിക്കുന്ന തരത്തിലാണ് ലിറ്റിൽ കൈറ്റ്സ് വിഭാവന ചെയ്തിരിക്കുന്നതിൽ സന്തോഷമുണ്ട്. സ്കൂൾ അന്തരീക്ഷത്തെ ചലനാത്മകമാക്കുവാനും കുട്ടികളുടെ നാനാവിധമായ കഴിവുകളെ മെച്ചപ്പെടുത്തുവാൻ കഴിയുന്ന ഐടി കൂട്ടായ്മയ്ക്ക് സർവ്വ ഭാവുകങ്ങളും നേരുന്നു.

# ഉള്ളടക്കം


കാലം.......................................................കവിത(ശ്രീകാന്ത്.ആർ)

കാവൽക്കാരൻ..................................................കവിത(കുരീപ്പുഴ ശ്രീകുമാർ)

തണ്ണീർത്തടങ്ങൾ നാടിന്റെ ജീവനാഡികൾ...........ഉപന്യാസം

ഉത്തരമൊന്ന് സർ ഐസക് ന്യൂട്ടൺ....................ക്വിസ്

സി.വി രാമൻ.....................................................ജീവചരിത്രം

രാമൻ പ്രഭാവം..................................................ലേഖനം

കാളിദാസൻ.......................................................ജീവചരിത്രം

വൈലോപ്പിള്ളി ശ്രീധരമേനോൻ............................ജീവചരിത്രം

മൈസൂരിലേക്ക്.................................................. യാത്രാവിവരണം

# കാലം

കാലം നമ്മെ ഇനിയും എന്തിനായി മുന്നോട്ട്
നയിക്കുന്നു
ജീവിതം ആടിതിമിർക്കുവാനാണോ
അതൊ മരണം എന്ന കോമാളി കടന്നുവരുവാനോ
കാലം കൺമുമ്പിൽ പായവിരിച്ച് കിടക്കുന്നത്
എന്തിനായി.......

കാഴ്ചയുടെ പുതുവസന്തം നമ്മെ കാട്ടിതരുവാനോ.....
പോയകാലം തിരികെയില്ലന്നോർക്കുക
പ്രപഞ്ച മനോഹാരിതയിൽ മനുഷ്യ
ശ്രദ്ധ എത്തിപ്പെടുന്നതൊരാളിൽ
മരണം എന്ന മനോഹാരിത

ശ്രീകാന്ത് ആർ,9 ബി

# പോലീസ്

**കരീപ്പുഴ ശ്രീകുമാർ**

റോന്തു ചുറ്റി തളർന്നപ്പോൾ
കടൽ ചായ കടയ്ക്കുള്ളിൽ
പാ വിരിച്ചു കിടക്കുന്നു
സൂര്യപോലീസ്



മയങ്ങുമ്പോൾ സ്വപ്നനായ്ക്കൾ
കുരച്ചിട്ടും മോങ്ങിയിട്ടും
പാറു വലിച്ചുറങ്ങുന്നു
സൂര്യപോലീസ്

മരം വന്നൊടുക്കള
പൂട്ടിയില്ല,പചിച്ചില്ല
ഉണരെന്നു കെഞ്ചിയിട്ടും
ഗൗനമില്ലാതെ

തുടയ്ക്കുല്ലിൽ രശ്മികൈകൾ
കടത്തക്കുട്ടിപ്പിടിച്ചു
കൊട്ടും ഹർത്താൽ ദിനം പോലെ
സൂര്യപോലീസ്

ഉറങ്ങു നീ ഉപ്പുകല്ലിൽ
നൂലുകെട്ടി ചുണ്ടിൽ വെച്ച്
ഉണർത്താൻ ഞാൻ വരുന്നുണ്ട്
വീര്യപ്പോലീസേ

# തണ്ണീർത്തടങ്ങൾ:

# നാടിന്റെ ജീവനാഡികൾ

വർഷത്തിൽ ആറുമാസമെങ്കിലും വെള്ളം നിറഞ്ഞുനിൽക്കുന്ന ഭൂപ്രദേശങ്ങളാണ് തണ്ണീർതടങ്ങൾ.ഇതിൽ തടാകങ്ങൾ, കായലുകൾ, നെൽപ്പാടങ്ങൾ, ചതുപ്പുകൾ എന്നിവ ഉൾപ്പെടും. ഫെബ്രുവരി രണ്ട് ലോക തണ്ണീർത്തട ദിനമാണ്. 152 രാജ്യങ്ങൾ ഇതിൽ പങ്കാളികളാണ്.
കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ടുകായൽ തെക്ക് ആലപ്പുഴ മുതൽ വടക്ക് അഴീക്കോട് വരെ

വ്യാപിച്ചുകിടക്കുന്നു. കക്കയുടെയും കണ്ടൽചെടികളുടെയും കലവറയായിരുന്ന വേമ്പനാട്ടു കായൽ ഇപ്പോൾ വംശനാസ ഭീഷണി നേരിടുകയാണ്.

പ്രകൃതി നിർമിച്ച സ്വാഭാവിക ജലസംഭരണികളാണ് തണ്ണീർതടങ്ങൾ. വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജലം സംഭരിക്കുന്നതിനും ജല സംഭരണികൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്. നമ്മുടെ ആഹാരത്തിനാവശ്യമായ മത്സ്യത്തിന്റെ 90% ത്തോളം ലഭിക്കുന്നത് കായലുകളിൽ നിന്നാണ്.

മനുഷ്യൻ മാത്രമല്ല മറ്റു ജീവജാലങ്ങളും തണ്ണീർത്തടങ്ങളെ ആശ്രയിക്കുന്നു. എണ്ണിയാൽ ഒടുങ്ങാത്ത സസ്യങ്ങൾക്കും ജീവജാലങ്ങൾക്കും വളർന്നുപെരുകാൻ പറ്റിയ ആവാസവ്യവസ്ഥയാണ് തണ്ണീർത്തടങ്ങൾ.ശ ധാരാളം ദേശാടനപക്ഷികളെ ആകർഷിക്കുന്ന ഈ പ്രദേശങ്ങൾ അവയുടെ പ്രജനന കേന്ദ്രങ്ങൾ കൂടിയാണ്. തണ്ണീർതടങ്ങളെ ഭൂമിയുടെ കിഡ്നി എന്നാണ് വിഷേശിപ്പിച്ചിരുന്നത്. മാല്യന്യങ്ങളെ ഒരു അരിപ്പപോലെ അരിച്ച് ശുദ്ധീകരിക്കുന്നതുകൊണ്ടാണ് തണ്ണീർതടങ്ങളെ ഭൂമിയുടെ കിഡ്നി എന്ന് പറയുന്നത്. തണ്ണീർത്തടങ്ങളിൽ വളരുന്ന

കണ്ടൽചെടികളുൾപ്പെടെയുള്ള സസ്യജാലങ്ങൾ ജലാശയത്തിട്ടകൾക്കും നദീതീരങ്ങൾക്കും ബലം നൽകി അവയെ ബലം നൽകി അവയെ സംരക്ഷിക്കുന്നു.

തടങ്ങൾ

സമ്പന്ന രാജ്യങ്ങളിൽ ഇത്തരം തണ്ണീർത്തടങ്ങൾ പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവയെ ബയോളജിക്കൽ പാർക്കുകളായും ഉപയോഗിക്കാം. വിസ്തൃതിയിൽ രണ്ടാം സ്ഥാനത്തുള്ള കായലാണ് അഷ്ടമുടിക്കായൽ. കൊല്ലം ജില്ലയിലാണ് അഷ്ടമുടിക്കായൽ സ്ഥിതി ചെയ്യുന്നത്.ശാസ്താംകോട്ട കായലാണ് കേരളത്തിലെ ശുദ്ധജലതടാകം.

ഇന്ത്യയിൽ തണ്ണീർതടങ്ങളുടെ കാര്യത്തിൽ മുൻ പന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. വനം പരിസ്ഥിതി മന്ത്രാലയം തണ്ണീർതടങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ എന്നിവയുടെ സംരക്ഷണത്തിനായ് 1986-87-ൽ ഒരു ദേശീയ സമിതിക്ക് രൂപം കൊണ്ടു. നാഷണൽ വെറ്റ്ലാന്റ് കൺസർവേഷൻ പ്രോഗ്രാം(NWCP) എന്നാണീ പദ്ധതി അറിയപ്പെടുന്നത്. തണ്ണീർതടങ്ങളുടെ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുക, പരിപാലിക്കുക, അവയെ ഉപയോഗപ്രദമാക്കുക തുടങ്ങിയ കാര്യങ്ങളെ കുറിച്ച് സർക്കാരിനെ ഉപദേശിക്കുകയാണ് ഈ സമിതിയുടെ പ്രധാന ചുമതല. ഇത് കൂടാതെ ദേശീയ തടാക സംരക്ഷണ പദ്ധതി, ദേശീയ നദീസംരക്ഷണ പദ്ധതി എന്നിങ്ങനെ രണ്ടു പദ്ധതികൾ കൂടി വനം പരിസ്ഥിതി മന്ത്രാലയം നടപ്പാക്കി വരുന്നു.

**പഞ്ചമി രാജ്,8 എ**



# ഉത്തരമൊന്ന് സർ ഐസക്ക് ന്യൂട്ടൺ



*ചലനനിയമങ്ങൾ ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ ആര് ?

*ഗുരുത്വാകർഷണ നിയമത്തിന്റെ ഉപജ്ഞാതാവാര് ?

*കണികാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാര് ?

*സൂര്യപ്രകാശത്തിന് ഏഴ് നിറങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആര് ?

*ഘടകവർണ്ണങ്ങൾ കൂടിചേർന്നാൽ സമന്വിത പ്രകാശം ലഭിക്കുമെന്ന് കണ്ടെത്തിയതാര് ?

*മുകളിലേക്ക് എറിയുന്ന കല്ല് താഴോട്ട് വീഴുന്നതിന്റെ കാരണം കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആര്

*പ്രിൻസിപ്പിയ പുസ്തകം രചിച്ചത് ആര് ?

ദൃശ്യ സന്തോഷ്,8 ബി



**ചന്ദ്രശേഖര വെങ്കിട്ടരാമൻ**



ചന്ദ്രശേഖര വെങ്കിട്ടരാമൻ


| | |
|---|---|
| **ജനനം** | 1888 നവംബർ 7<br>തിരുച്ചിറപ്പള്ളി, തമിഴ്നാട് |
| **മരണം** | 1970 |
| **താമസം** | ഇന്ത്യ |
| **ദേശീയത** | ഇന്ത്യൻ |
| **മേഖലകൾ** | ഭൗതികശാസ്ത്രം |
| **സ്ഥാപനങ്ങൾ** | ഇന്ത്യൻ ഫിനാൻസ് ഡിപ്പാർട്ട്മെന്റ്<br>ഇന്ത്യൻ അസോസിയേഷൻ ഫോർ ദി കൾട്ടിവേഷൻ ഓഫ് സയൻസ്<br>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| **ബിരുദം** | പ്രെസിഡൻസി കോളേജ് |
| **ഗവേഷണവിദ്യാർത്ഥികൾ** | ജി.എൻ രാമചന്ദ്രൻ |
| **അറിയപ്പെടുന്നത്** | രാമൻ പ്രഭാവം |
| **പ്രധാന പുരസ്കാരങ്ങൾ** | ഭൗതികശാസ്ത്രത്തിലെ നോബേൽ സമ്മാനം<br>ഭാരതരത്ന<br>ലെനിൻ സമാധാനസമ്മാനം |

# **രാമൻ പ്രഭാവം**

ദ്രാവകങ്ങളിലെ പ്രകാശത്തിന്റെ വിസരണവുമായി ബന്ധപ്പെട്ട പ്രതിഭാസമാണ് രാമൻ പ്രഭാവം. കടലിന് നീലനിറം എങ്ങനെ ലഭിക്കുന്നു എന്ന ചോദ്യമാണ് ഈ പ്രതിഭാസത്തിന്റെ വിശദീകരണം കണ്ടെത്താൻ രാമനെ പ്രേരിപ്പിച്ചത്. 1928 ഫെബ്രുവരി 28 ന് ഇത് പ്രസിദ്ധീകരിക്കുകയും 1930-ൽ ഭൗതികശാസ്ത്രത്തിനുള്ള നോബേൽ സമ്മാനം ലഭിക്കുകയും ചെയ്തു. **'ഒരു സുതാര്യമാധ്യമത്തിലൂടെ കടന്നു പോകുമ്പോൾ പ്രകീർണ്ണനം (dispersion) സംഭവിക്കുന്ന ഏകവർണ്ണപ്രകാശത്തിൽ (monochromatic light) ചെറിയൊരു ഭാഗത്തിന് തരംഗദൈർഘ്യത്തിൽ വ്യത്യാസമുണ്ടാകുന്ന പ്രതിഭാസം ആണ് രാമൻ പ്രഭാവം' (Raman effect)'**.

# കാളിദാസൻ

പുരാതന കവികളിൽ അഗ്രഗണ്യനാണ് ഭാരതീയനായ **കാളിദാസൻ.** പ്രാചീനകവികളും ആധുനിക കവികളും കാളിദാസനെ ഒരു പോലെ ആദരിക്കുന്നു. പുരാണകഥകളും നാട്ടുകഥകളും ഒരേപാടവത്തോടെ പുനരാവിഷ്കരിച്ച കവിയായിട്ടാണ് നിരൂപകർ കാളിദാസനെ കാണുന്നത്. സംസ്കൃതഭാഷയ്ക്ക് കാളിദാസൻ നൽകിയ സംഭാവനകൾ മൂലം അദ്ദേഹത്തെ ഇന്ത്യൻ ഷേക്സ്പിയർ എന്ന വിശേഷിപ്പിക്കാറുണ്ട്. ഐതിഹ്യം ബുദ്ധിവളർച്ചയില്ലാത്തവനായി വളർന്ന കാളിദാസനെ പണ്ഡിതയായ ഒരു യുവതി വിവാഹം ചെയ്യുന്നും അധികം താമസിയാതെ കാളിദാസനു സാമാന്യബുദ്ധിപോലും ഇല്ലെന്നു മനസ്സിലാക്കി വീടിനു പുറത്താക്കിയെന്നുമാണു കഥ. അങ്ങനെ അലഞ്ഞുതിരിയുമ്പോൾ ഒരു വൃദ്ധയുടെ ഉപദേശമനുസരിച്ച് ബുദ്ധിവളർച്ചയുണ്ടാകാനായി കാളിദാസൻ തൊട്ടടുത്ത കാളീക്ഷേത്രത്തിൽ എത്തി. തത്സമയം ദേവി പുറത്തുപോയിരുന്നതിനാൽ കാളിദാസൻ അകത്തുകയറി



വാതിലടച്ചത്രെ. തിരിച്ചുവന്ന ദേവി അകത്താര് എന്നു ചോദിച്ചപ്പോൾ കാളിദാസൻ പുറത്താര് എന്ന മറുചോദ്യമുന്നയിച്ചു. പുറത്തു കാളി എന്നു ദേവി പറഞ്ഞപ്പോൾ അകത്തു ദാസൻ എന്നു കാളിദാസൻ മറുപടി നൽകി. കാളിദാസന്റെ ബുദ്ധിശൂന്യത തിരിച്ചറിഞ്ഞ ദേവി നാക്കുപുറത്തു നീട്ടാനാവശ്യപ്പെടുകയും അപ്രകാരം ചെയ്ത കാളിദാസനു അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകുകയും ചെയ്തുത്രെ. വിദ്യാരംഭം ദേവിയിൽ നിന്നു ലഭിച്ചതിനാലാണ് കാളിദാസന്റെ കവിതകൾക്കിത്ര മഹത്ത്വം വന്നതെന്നാണ് വിശ്വാസം.

കാളിയുടെ അനുഗ്രഹത്താൽ പണ്ഡിതനായിത്തീർന്ന കാളിദാസൻ തിരിച്ച് ഗൃഹത്തിലെത്തിയപ്പോൾ പത്നി അസ്തി കശ്ചിത് വാഗർത്ഥ: (പ്രത്യക്ഷമായ ജ്ഞാനം അങ്ങേക്ക് കൈവന്നിട്ടുണ്ടോ) എന്ന് അന്വേഷിച്ചു. പത്നിയോടുള്ള ബഹുമാനം ഇദ്ദേഹം തന്റെ മൂന്നുകൃതികളുടെ ആരംഭത്തിൽ ഇപ്രകാരം പ്രദർശിപ്പിക്കുന്നു. ഈ മൂന്നുപദങ്ങളുപയോഗിച്ചാണ് ഈ കൃതികൾ ആരംഭിക്കുന്നത്. കുമാരസംഭവം'അസ്തി' (അസ്ത്യുത്തരസ്യാം..) എന്ന പദത്തോടേയും മേഘദൂതം കശ്ചിത് (കശ്ചിത് കാന്താവിരഹഗുരുണാ..) എന്ന പദത്തോടേയും രഘുവംശം വാഗർത്ഥ: (വാഗർത്ഥാവിവ സമ്പൃക്തൗ..) എന്ന പദത്തോടേയും ആരംഭിക്കുന്നു.

## ജീവിതകാലം

കാളിദാസൻ ജീവിച്ചിരുന്ന കാലം ക്രിസ്തുവിനു മുൻപ് രണ്ടാം നൂറ്റാണ്ടുമുതൽ ക്രിസ്തുവിനു പിൻപ് ആറാം നൂറ്റാണ്ടുവരെ ആരോപിക്കപ്പെട്ടിരിക്കുന്നു. കൃത്യമായ കാലം ഏതെന്ന കാര്യത്തിൽ പലപണ്ഡിതന്മാർക്കും പല അഭിപ്രായമാണുള്ളത്. അക്കാലത്തെ ലിഖിത ചരിത്രത്തിൽ ഏറിയ പങ്കും ഇന്ന് അവശേഷിക്കാത്തതു വിക്രമാദിത്യ മഹാരാജാവിന്റെ സഭാംഗമായിരുന്ന കാളിദാസൻ എന്ന ഐതിഹ്യത്തെ മുഖവിലക്കെടുത്താൽ തന്നെ, ഇരുവരുടേയും കാലശേഷം വിക്രമാദിത്യൻ എന്നും കാളിദാസൻ എന്നു0 പറയുന്നത് ഒരു ബിരുദമോ, വിശേഷണമോ എന്ന നിലയിലേക്കുയർന്നിരുന്നു. അതുകൊണ്ടുതന്നെ അങ്ങനെ ശരിയായ കാലം

കണ്ടെത്താനും കഴിയുകയില്ല.

പ്രസിദ്ധ പണ്ഡിതനായ ഹിപ്പോലിട്ട് ഫെനജ് കാളിദാസൻ ക്രി. മു. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നു കരുതുന്നു. ലേസൽ എന്ന മറ്റൊരു പാശ്ചാത്യ പണ്ഡിതനാകട്ടെ കാളിദാസൻ ക്രി. പി. മൂന്നാം നൂറ്റാണ്ടാണ് കാളിദാസന്റെ കാലഘട്ടം എന്നാരോപിക്കപ്പെട്ടിരിക്കുന്നു. ശ്രീ കെ ബി പാഠക് പറയുന്നതനുസരിച്ച് ക്രി. പി. അഞ്ചാം നൂറ്റാണ്ടിൽ കാളിദാസൻ ജീവിച്ചിരുന്നു. ഫെർഗുസ്സൻ, മാക്സ്മുള്ളർ മുതലായവരുടെ അഭിപ്രായത്തിൽ കാളിദാസൻ ക്രി. പി. ആറാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്.

ബഹു ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായപ്രകാരം കാളിദാസൻ വിക്രമാദിത്യന്റെ സദസ്യനാണ്. വിക്രമാദിത്യൻ ശാകന്മാരെ തോൽപ്പിച്ച് ക്രി. മു അമ്പത്തേഴിൽ വിക്രമവർഷം ആരംഭിച്ചു. വിക്രമാദിത്യൻ ഒരു കാവ്യമർമ്മജ്ഞൻ ആയതുകൊണ്ട് കാളിദാസൻ വിക്രമാദിത്യ സദസ്സിലുണ്ടാകാൻ വഴിയുണ്ട്. ശൈവമതക്കാരനായ രാജാവായ വിക്രമാദിത്യന്റെ സദസ്യനായതുകൊണ്ടാകണം കാളിദാസൻ തന്റെ കൃതികളിൽ ശിവനെ ആരാധിക്കുന്നത്. മാളവികാഗ്നിമിത്രം എന്ന തന്റെ കൃതിയിൽ ക്രി.മു ഒന്നാം നൂറ്റാണ്ടിലെ പല തത്ത്വങ്ങളും ഭരതനെ കൊണ്ടു പറയിക്കുന്നുണ്ട്. അക്കാലത്തെ രാജാവായിരുന്ന അഗ്നിമിത്രം നായകനാക്കിയതുകൊണ്ടും കാളിദാസനും സമ കാലികനായിരുന്നു എന്നു അനുമാനിക്കാം.

എന്തായാലും ക്രി. പി ആറാം നൂറ്റാണ്ടിനു ശേഷമല്ല കാളിദാസൻ ജീവിച്ചിരുന്നത്, കാരണം ആറാം നൂറ്റാണ്ടിലെ ഐഹോളയിലെ ശിലാലേഖനത്തിൽ കാളിദാസനെ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

# ജീവിത സ്ഥലം


ഇന്ത്യൻ  ഉപഭൂഖണ്ഡത്തിലങ്ങോളമിങ്ങോളമുള്ള പല സ്ഥലങ്ങളും കാളിദാസന്റെ സ്വദേശങ്ങളായി പലരും അഭിപ്രായപ്പെടുന്നു. എങ്കിലും പൊതുവേയുള്ള നിഗമനം ഉജ്ജയിനി(അവന്തി) ആണ് കാളിദാസന്റെ ജീവിതസ്ഥലം എന്നാണ്. കാശ്മീരും കവിയുടെ സ്വദേശമായി ചില പണ്ഡിതർ ആരോപിക്കുന്നുണ്ടെങ്കിലും ഉജ്ജയിനിക്കായി ശ്ലോകങ്ങൾ തന്നെ മാറ്റിവച്ച കവി കാശ്മീരിനെ അപൂർവ്വമായി പരാമർശിക്കുന്നതെന്ത് എന്ന ചോദ്യമുയരുന്നു. അദ്ദേഹം വർണ്ണിക്കുന്ന ഭൂപ്രകൃതിയും അന്തരീക്ഷവുമെല്ലാം ഉജ്ജയിനിക്കു സമാനമാണ്. കാളിദാസകൃതികളിൽ ഉജ്ജയിനീ പക്ഷപാതം സുവ്യക്തമാണ്. ഉജ്ജയിനിയിലേയും സമീപപ്രദേശങ്ങളിലേയും ഐതിഹ്യങ്ങളും പർവ്വതങ്ങളുടെ പേരുകളുമെല്ലാം കവിക്കറിയാം. മോഗസന്ദേശത്തിലും ഋതുസംസകാരത്തിലും കവി വിന്ധ്യനിലെ പല പ്രദേശങ്ങളും വർണ്ണിച്ചിരിക്കുന്നു. കാളിദാസൻ വിക്രമാദിത്യസദസ്യനായിരുന്നു എന്നും വിക്രമാദിത്യന്റെ തലസ്ഥാനം ഉജ്ജയിനി ആയിരുന്നു എന്നും ഉജ്ജയിനിയിൽ വിക്രമാദിത്യൻ ഒരു കാളീക്ഷേത്രം പണികഴിപ്പിച്ചിരുന്നു എന്നതും ഇവിടെ സ്മരണീയമാണ്.

## കാളിദാസകൃതികൾ

- മേഘസന്ദേശം
- രഘുവംശം
- അഭിജ്ഞാനശാകുന്തളം
- കുമാരസംഭവം

# വൈലോപ്പിള്ളി ശ്രീധരമേനോൻ

രോഹിത്ത് സജീവ്



വൈലോപ്പിള്ളി ശ്രീധരമേനോൻ

| | |
|---|---|
| **ജനനം** | 1911 മെയ് 11<br>തൃപ്പൂണിത്തറ,എറണാകുളം ജില്ല |
| **മരണം** | 1985 ഡിസംബർ 22 (പ്രായം 74) |
| **ദേശീയത** | ഭാരതീയൻ |
| **ജീവിത പങ്കാളി(കൾ)** | ഭാനുമതിയമ്മ |
| **വിഷയം** | കവിത |
| **പ്രധാന കൃതികൾ** | 'കൃഷ്ണമൃഗങ്ങൾ' |

ജീവിതയാഥാർഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകൾ എഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്ന **വൈലോപ്പിള്ളി ശ്രീധരമേനോൻ** (ജീവിതകാലം: 1911 മെയ് 11 - 1985 ഡിസംബർ 22 ). എറണാകുളം ജില്ലയിൽ തൃപ്പൂണിത്തറയിൽ കൊച്ചുകുട്ടൻ കർത്താവിന്റെയും, നാണിക്കുട്ടിയമ്മയുടേയും പുത്രനായി ജനിച്ചു, സസ്യശാസ്ത്രത്തിൽ ബിരുദമെടുത്തതിനുശേഷം 1931-ൽ അധ്യാപനവൃത്തിയിൽ പ്രവേശിച്ചു. ഭാനുമതിയമ്മയെ വിവാഹം ചെയ്തു. രണ്ട് ആൺമക്കൾ, ശ്രീകുമാർ, വിജയകുമാർ. 1966-ൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായാണ് വിരമിച്ചത്. മലയാളികളുടെ ഏറ്റവും സൂക്ഷ്മമായ രഹസ്യങ്ങളിൽ രൂപകങ്ങളുടെ വിരലുകൾകൊണ്ട് സ്പർശിച്ച കവിയാണ് വൈലോപ്പിള്ളി. എല്ലാ മരുഭൂമിയെയും നാമകരണം ചെയ്തു മുന്നേറുന്ന അജ്ഞാതനായ പ്രവാചകനെപ്പോലെ മലയാളിയുടെ വയലുകൾക്കും തൊടികൾക്കും സഹ്യപർവതത്തിനും കയ്പവല്ലരിയ്ക്കും മണത്തിനും മഴകൾക്കുമെല്ലാം കവിതയിലൂടെ അനശ്വരതയുടെ നാമം നൽകിയ വൈലോപ്പിള്ളി, കേരളത്തിന്റെ പുൽനാമ്പിനെ നെഞ്ചിലമർത്തിക്കൊണ്ട് എല്ലാ സമുദ്രങ്ങൾക്കും മുകളിൽ വളർന്നു നിൽക്കുന്നു. മാമ്പൂവിന്റെ മണവും കൊണ്ടെത്തുന്ന വൃശ്ചികക്കാറ്റ് മലയാളിയുടെ ഓർമ്മകളിലേക്ക് സങ്കടത്തിന്റെ ഒരശ്രുധാരയും കൊണ്ടുവരുന്നുണ്ട്.

## മൈസൂരിലേക്ക്.....



ഒമ്പതാം-ാം ക്ലാസ് അദ്ധ്യയനവർഷത്തിലെ വിനോദയാത്ര മൈസൂർ, വയനാട് എന്നീ സ്ഥലങ്ങളിൽ ആയിരുന്നു.വൈകുന്നേരം നാലു മണിക്ക് തന്നെ സ്കൂളിൽ നിന്നും യാത്ര ആരംഭിച്ചു.ആദ്യം പോയത് മൈസൂരിലേക്കായിരുന്നു. പോകുന്നവഴിയിൽ ഭക്ഷണം കഴിക്കുന്നതിനായി ആലപ്പുഴ ഗവൺമെന്റ് റെസ്റ്റ് ഹൗസിൽ കയറി. ആഹാരം കഴിച്ചതിനു ശേഷം മൈസൂരിലേക്ക് യാത്ര തുടർന്നു. രാവിലെ ഒമ്പത് മണിയോടുകൂടി ഞങ്ങൾ മൈസൂരിലെത്തി. അവിടെ ഒരു ഹോട്ടലിൽ വിശ്രമത്തിനായി മുറികളെടുത്തു. ഒമ്പതരയോടുകൂടി അടുത്തുള്ള ഹോട്ടലിൽ നിന്നും സ്വാദിഷ്ഠമായ ഭക്ഷണം കഴിച്ചു. അതിനുശേഷം മൈസൂരിലെ മൃഗശാലയിൽ സന്ദർശിച്ചു. കൗതുകം നിറഞ്ഞ കാഴ്ചകളായിരുന്നു അവിടം ഞങ്ങൾക്ക് സമ്മാനിച്ചത്. ഉച്ചഭക്ഷണത്തിനുശേഷം ചാമുണ്ഡി ക്ഷേത്രത്തിൽ സന്ദർശിച്ചു. പിന്നീട് വൃന്ദാവൻ പൂന്തോട്ടത്തിൽ സന്ദർശിച്ചു. അവിടുത്തെ പൂന്തോട്ടം കണ്ണുകൾക്ക് വളരെ ഉന്മേഷം നൽകി . രാവിലെ തന്നെ ഞങ്ങൾ വയനാട്ടിലേക്ക് പുറപ്പെട്ടു. വയനാട്ടിലേക്ക് പോകുംവഴി ഞങ്ങൾ നയനമനോഹരമായ ദൃശ്യം ആസ്വദിച്ചു.കേരള കാർഷിക സർവകശാലയിലെ വളരെ മനോഹരമായ പൂന്തോട്ടം കൺകുളിർക്കെ സന്ദർശിച്ചു.അതിനുശേഷം പൂക്കോട്ട് ലേക്ക് സന്ദർശിച്ചു. പിന്നീട് വീട്ടിലേക്ക് മടങ്ങി.

ഈ വിനോദയാത്ര ഞങ്ങൾക്ക് വിജ്ഞാനപ്രദവും രസകരവുമായിരുന്നു. മൈസൂരിന്റെയും വയനാടിന്റെയും ദൃശ്യ ചാരുത മനസ്സിൽ ഇപ്പോഴും തങ്ങിനിൽക്കുന്നതാണ്.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

